അനുസ്മരണം

# ഒരു ഇതിഹാസത്തിൻെറ വിജയം

**(ശ്രീ ഒ.വി.വിജയൻെറ ഒമ്പതാം ചരമ വാർഷികം മാർച്ച് 30നു)**

**സുധീർ പണിക്കവീട്ടിൽ**



വിജയൻെറ പടങ്ങൾ കണ്ടാൽ ഒരു തപസ്വിയുടെ, അല്ലെങ്കിൽ ഒരു ബുദ്ധിജീവിയുടെ ആണെന്ന് ശങ്ക തോന്നാം. പടം കാണിക്കുന്ന പോലെ തന്നെ വിജയൻ ഒരു ദാർശനികനും ബുദ്ധിജീവിയുമായിരുന്നു. സാത്വികനായിരുന്നു. ഭരതീയ സിദ്ധാന്തങ്ങളുടെ സത്തയിൽ ജീവിതത്തിൻെറ അനിശ്ചിതത്തെപ്പറ്റിയുള്ള വിവരങ്ങൾ തേടിയ ഈ എഴുത്തുകാരനു എട്ടുകാലികളെ പേടിയായിരുന്നുവെന്നത് രസകരമാണു. അത് കൊണ്ടായിരിക്കാം പൂച്ചക്കുട്ടികളെ അരുമകളായി എപ്പോഴും കൂടെ കൂട്ടിയത്. കൂടാതെ ഖസാക്കിൻെറ ഇതിഹാസത്തിൽ അപ്പുക്കിളിയെന്ന കഥാപാത്രത്തെകൊണ്ട് എട്ടുകാലിയേയു ശലഭങ്ങളേയും വല വീശി പിടിപ്പിക്കുന്നുണ്ട്.

പ്രതിഭാധനനായിരുന്നെങ്കിലും എപ്പോഴും ഒരു സൈക്കൊസൊമാറ്റിക് അവസ്ഥ ഇദ്ദേഹത്തെ വലയം ചെയ്തിരുന്നു. (മാനസിക കാരണങ്ങൾ കൊണ്ടുണ്ടാകുന്ന ശാരീരിക രോഗങ്ങൾ) ജീവിതത്തിൻെറ ഒരു നല്ല ഭാഗം പ്രവാസിയായി കഴിഞ്ഞത് കൊണ്ടായിരിക്കാം ഗ്രഹാതുരത്വം വിജയൻെറ രചനകളിൽ പ്രകടമായിരുന്നു. പാലക്കാട്ടെ പനമ്പട്ടകൾ കാറ്റിലുണ്ടാക്കുന്ന ശബ്ദം ഈ എഴുത്തുകാരനെ ആകർഷിച്ചിരുന്നുവെന്ന് മിക്ക കഥകളിലും അതിനെ കുറിച്ച് പരാമർശിച്ചിട്ടുള്ളതിൽ നിന്നും മനസ്സിലാക്കാം. രചനകളിലെല്ലാം അദ്ദേഹത്തിൻെറ കുട്ടിക്കാലത്തെ അനുഭവങ്ങളുടെ സ്വാധീനമുണ്ട്. ഇദ്ദേഹത്തിൻെറ ഉൽക്രുഷ്ട ക്രുതിയായി കരുതുന്ന ഖസാക്കിൻെറ ഇതിഹാസം കാൽപ്പനിക രചനകളിൽ നില നിന്നിരുന്ന പഴയ രീതികളുടെ ബന്ധനങ്ങളിൽ നിന്നും മലയാളഭാഷയെ വിമുക്തമാക്കി. മലയാളസാഹിത്യത്തിൽ ഖസാക്കിൻെറ ഇതിഹാസം ഒരു ഇതിഹാസമായി. ഖസാക്കിൻെറ ഇതിഹാസത്തിനു മുമ്പും പിമ്പും എന്ന വേർതിരിവു മലയാള സാഹിത്യത്തിൽ ഉണ്ടായി. ഈ പുസ്തകതിൻെറ രചനക്ക് മുമ്പ് ധാരാളം ചെറുകഥകൾ എഴുതിയിരുന്നെങ്കിലും 1968ൽ ഒരു മലയാളം വാരികയിൽ ഖസാക്കിൻെറ ഇതിഹാസം ഖ്ണ്ഡശ്ശ പ്രസിദ്ധീകരിച്ച് വന്നപ്പോഴാണു എഴുത്തുകാരൻ എന്ന നിലയിൽ ഉള്ള അംഗീകാരം വിജയനു കിട്ടുന്നത്.

ഖസാക്കിൻെറ ഇതിഹാസം ആരംഭിക്കുന്നത് കഥയിലെ മുഖ്യ കഥാപാത്രമായ രവിയുടെ യാത്രയിൽ നിന്നാണു. പാപബോധത്തിൻെറ ഭാരവും പേറി മനസ്സിൻെറ വ്യാകുലതകൾക്ക് പരിഹാരം കണ്ടെത്താൻ ശാന്തിയുടെ തീരങ്ങൾ അന്വേഷിച്ചുള്ള യാത്ര. രവി കൂമൻകാവിൽ ബസ്സിറങ്ങുന്നതോടെ നോവൽ ആരംഭിക്കുന്നു. ആ യാത്രകളിലെല്ലം തന്നെ അലട്ടിയിരുന്ന

ചോദ്യങ്ങൾക്ക് മറുപടി കിട്ടിയതായി അദ്ദേഹം വിശ്വസിക്കുന്നു. എന്നാൽ രവിയെകൊണ്ട് വിജയൻ പറയിപ്പിക്കുന്നു. "ആരും കൂടു പറ്റാറില്ല മാധവൻ നായരേയെന്ന്" .ചിറ്റമ്മയൊത്ത് നടത്തിയ രതിയുടെ പാപ ചിന്തകളിൽ നിന്ന് ശമനം തേടി ഒരു സത്യാന്വേഷകനെപോലെ ചെന്ന് കയറിയ ആശ്രമത്തിലും രവിക്ക് ശാന്തി ലഭിച്ചില്ല. അവിടത്തെ സ്വാമിനിയുടെ കാവി വസ്ത്രം ചുറ്റി പിണഞ്ഞപ്പോൾ അവിടെ നിന്നും പ്രയാണം. പിന്നെയെത്തുന്നത് ഖസാക്കിൽ. അവിടെ നിന്നും പുറപ്പെട്ട രവി ബസ്സ് കാത്ത് നിൽക്കുമ്പോൾ മൺകട്ടകൾ കാലു കൊണ്ട് തട്ടുന്നു.അപ്പോൾ പുറത്ത് വന്ന പാമ്പ് അദ്ദേഹത്തിൻെറ കാലുകളിൽ കൊത്തി. ഇവിടെ കഥാക്രുത്ത് പറയുന്നത് രവി ബസ്സിനായി കാത്തിരുന്നു എന്നാണ്. ഒരു പക്ഷെ വീണ്ടും അന്വേഷണത്തിനായുള്ള ഒരു യാത്രക്ക് വേണ്ടി.

ഖസാക്കിൻെറ ഇതിഹാസം പുറത്ത് വന്നപ്പോൾ യാഥാസ്ഥിക ചിന്തകരും പുരോഗമന ചിന്തക്കാരും കോപാകുലരായി. കഥയിലെ ഇതിവ്രുത്തക്കുറിച്ചുള്ള ശരിയായ ബോധമില്ലാതെ പുസ്തക്ത്തിൽ പ്രതിപാദിച്ചിട്ടുള്ള ലൈംഗിക ബന്ധങ്ങളെകുറിച്ചുള്ള വിവരണങ്ങൾ പലർക്കും അലോസരമായിരുന്നു. കുഞ്ഞാമിനയുടെ അരക്കെട്ടിൽ ഞാന്ന് കിടന്ന രക്ഷായന്ത്രം യാഥസ്ഥിതികരായ വായനക്കാർക്ക് രക്ഷ നൽകിയില്ല.. "അതിരിക്കപോത് ഒന്നും വരാത് " എന്ന് വിശ്വസിക്കുന്ന കുഞ്ഞാമിനയോട് അതെടുത്ത് മറ്റാൻ രവി പറയുന്നുണ്ട്. തമിഴും മലയാളവും നാടൻ ശൈലികളും കോർത്തിണക്കിയ ഒരു ഭാഷ ഇതിൽ ഉരുത്തിരിയുന്നത് വായനക്കാരെ ആദ്യം ഒന്ന് കുഴക്കുമെങ്കിലും പിന്നെ അത് രസകരമായ വായനാസുഖം പകരുന്നു. കുളിച്ചീറൻ മാറിയ കുഞ്ഞാമിനയൊത്തുള്ള രതിയുടെ വിശേഷങ്ങൾ നഗ്നമായി വിവരിക്കുന്നില്ലെങ്കിലും വായനക്കാർക്ക് അത് ഗോചരമാകുന്ന രീതിയിലാണ്. ഖസാക്കെന്ന ആ പ്രദേശത്തിൻെറ ചരിത്രത്തിൽ കാൽപ്പനികതയുടെ ദുരൂഹത വിജയൻ ഉൾപ്പെടുത്തുന്നു. ആയിരത്തിയൊന്നു കുതിരകളുടെ പട ഖസാക്കിലേക്ക് വരുന്നു. സയ്യിദ് മിയൻ ഷേയ്ഖ് സഞ്ചരിച്ചിരുന്ന പാണ്ഡൻ കുതിര ചത്തു വീഴുന്നു. ഇങ്ങനെ ധാരാളം സൂചനകളുണ്ട്.

മാജിക്കൽ റിയലിസം എന്ന് ലാറ്റിനമേരിക്കൻ എഴുത്തുകാർ കൊട്ടിഘോഷിക്കുന്ന രചനാ സങ്കേതം വിജയൻ ഖസാക്കിൻെറ ഇതിഹാസം എന്ന നോവലിൽ ഉപയോഗിച്ചിരുന്നു. ഒരു പക്ഷെ ഇതെക്കുറിച്ച് ബോധവാനായിട്ടോ അല്ലാതെയോ. "ഏകാന്തതയുടെ നൂറു വർഷങ്ങളിൽ' ഗബ്രിയേൽ മാർക്കോസ് സ്രുഷ്ടിച്ച സങ്കൽപ്പ ഗ്രാമം (മക്കോണ്ട) പോലെ തന്നെ വിജയനും ഈ നോവലിൽ ഖസാക്ക് എന്ന ഗ്രാമം സ്രുഷ്ടിക്കുന്നു. പാലക്കാട്ടുള്ള തസ്രാക്ക് എന്ന ഗ്രാമത്തിലെ ഏകദ്ധ്യാപക വിദ്യാലയത്തിൽ വിജയൻെറ സഹോദരിക്ക് നിയമനം കിട്ടിയപ്പോൾ അവരോടൊപ്പം മാതാപിതാക്കളും താമസിച്ചിരുന്നു.. കമ്യൂണിസ്റ്റ് പ്രവർത്തനങ്ങൾ മൂലം ജോലി നഷ്ടപ്പെട്ട വിജയൻ അവിടെ താമസിക്കാനെത്തിയപ്പോൾ അവിടവും അവിടത്തെ ആളുകളും ഖസാക്കിൻെറ ഇതിഹാസം എന്ന നോവലിള്ള വകകൾ വിജയനെന്ന നോവലിസ്റ്റിനു നൽകി. മാർക്കോസും മക്കോണ്ട എന്ന ഗ്രാമം സ്രുഷ്ടിച്ചെടുത്തത് അദ്ദേഹത്തിൻെറ ബാല്യകാല വസതിയായിരുന്ന **Aracataca** എന്ന ഗ്രാമത്തെ അടിസ്ഥാനമാക്കിയായിരുന്നു. ഈ സ്ഥലം കൊളമ്പിയയിൽ നിന്നും 80 കിലോമീറ്റർ അകലെ സാൻെറ മാർത്തക്ക് തെക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഖസാക്കിൻെറ ഇതിഹാസത്തിനു പശ്ചാത്തലമായ തസ്രാക്ക് എന്ന ഉൾഗ്രാമം പാലാക്കാട്ടിനടുത്താണ്. പ്രസ്തുത ഗ്രാമത്തിൽ വിജയനും കുടുമ്പവും താമസിച്ച "കളപ്പുര" ഇപ്പോൾ സർക്കാർ ഏറ്റെടുത്തു. അതിൻെറ പടം താഴെ കാണുക.

ഒരു പക്ഷെ ആദ്യമായിരിക്കാം ഒരു എഴുത്തുകാരൻെറ ഓർമ്മക്ക് ഒരു പോലിസ് സ്റ്റേഷൻ സമാരകമാകുന്നത്. അരീക്കാട്ട് എന്ന പോലിസ് സ്റ്റേഷൻ വിജയൻെറ സ്മാരകമാക്കാൻ സർക്കാർ അനുവദിച്ചു. പോലിസ് ഓഫിസറായിരുന്ന അദ്ദേഹത്തിൻെറ അഛൻ ഇവിടെ ജോലി ചെയ്തിരുന്നപ്പോൾ കുട്ടിയായിരുന്ന വിജയൻ കളിച്ച് വളർന്ന വീടും പരിസരവും ഇതിനടുത്താണ്.

വിജയൻെറ കഥാപാത്രങ്ങളിൽ പ്രധാനപ്പെട്ടവരൊക്കെ സത്യാന്വേഷികളാണു. ഖസാക്കിൻെറ ഇതിഹാസത്തിൽ രവി, ഗുരുസാഗരത്തിൽ കുഞ്ഞുണ്ണി, തലമുറകളിൽ ചന്ദ്രൻ. കുറ്റബോധമുള്ള യുവത്വത്തിൻെറ അസ്വസ്ഥതയും ജീവിതത്തിൻെറ പുതിയ മാനങ്ങൾ തേടാനുള്ള അവരുടെ വ്യഗ്രതയും വിജയൻ തൻെറ കഥാപാത്രങ്ങളിലൂടെ ആവിഷ്ക്കരിക്കുന്നു. ഖസാക്ക് എന്ന ഓണം കേറാമൂലയിലെ ഒരു ഏകദ്ധ്യാപക സ്കൂളിലെ അദ്ധ്യാപകനായി ജീവിതം ആരംഭിക്കാൻ എത്തുന്ന രവിക്ക് ഒരു ഭൂതകാലമുണ്ട്. അത് ക്രമേണ നോവലിസ്റ്റ് നിവർത്തുന്നു. സ്വന്തം വിശ്വാസങ്ങളും അനുഭവങ്ങളും കഥാപാത്രങ്ങളിലൂടെ അവതരിപ്പിക്കുന്നത് വിജയൻെറ രീതിയായിരുന്നു. ഒരു ഭൗതികവാതിയോ ആത്മീയ വാദിയോ അല്ലായിരുന്നെങ്കിലും അവസാന കാലങ്ങളിൽ ഒരു ഗുരുവിനെ

കണ്ടെത്തുകയും ആ സംഗമ ”ഗുരുസാഗരം“ പോലൊരു നോവൽ എഴുതാൻ അദ്ദേഹത്തെ സ്വാധീനിച്ചു എന്നും കാണം. ഇങ്ങനെ ഒരു മാറ്റം വിജയനിൽ ഉണ്ടായത് കൊണ്ടായിരിക്കാം പലരും അദ്ദേഹത്തെ ഹിന്ദു മൗലികവാദി എന്ന് മുദ്ര കുത്തിയത്.



എല്ലാ ജീവജാലങ്ങളുടേയും ഒരുമയോടുള്ള സഹവർത്തിത്വം ആണു ഇദ്ദേഹമാഗ്രഹിച്ചിരുന്നതെന്ന് അദ്ദേഹത്തിൻെറ രചനകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. നാനാത്വത്തിൽ ഏകത്വമുണ്ടെങ്കിലും അഖണ്ഡ ഭാരതമെന്ന സങ്കൽപ്പം സാക്ഷാൽകരിക്കണമെങ്കിൽ എല്ലാവരും സഹവർതിത്വത്തോടെ ജീവിക്കണമെന്നും എന്നാൽ അതിനുള്ള ശ്രമങ്ങൾക്ക് ഇപ്പോൾ വൈകിയെന്നുമുള്ള സത്യം പ്രവാചകൻെറ വഴിയിൽ വിജയൻ സൂചിപ്പിക്കുന്നുണ്ട്. ഗാന്ധി ഒരു പതിനഞ്ച് കൊല്ലം കൂടി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുമായിരുന്നെന്നും അദ്ദേഹത്തിൻെറ സംഘടന നിരോധിക്കുമായിരുന്നു എന്നും വിജയൻ പ്രസ്തുത പുസ്തകത്തിൽ പ്രവചിക്കുന്നു. വിശ്വ മാനവികതയുടെ ഒരു വക്താവായി വിജയൻ പലപ്പോഴും മാറുന്നത് കാണം. പൊളിച്ച് കളഞ്ഞ ബാബ്രി മസ്ജിദ് പണിയാൻ ഹിന്ദുക്കളും രാമ ക്ഷേത്രത്തിനേറ്റ ക്ഷതങ്ങൾ മാറ്റാൻ മുസ്ലീം സഹോദരരും മുന്നോട്ട് വരണമെന്നും അതിനായി സ്നേഹത്തിൻെറ ജീവ ജലവുമായി അവതരിച്ച് യേശുദെവൻെറ വചനങ്ങൾ ശ്രദ്ദിക്കണമെന്നും വിജയൻ എഴുതുന്നു.

മതത്തിൻെറ അതിർത്തികൾ ലംഘിച്ച് നിൽക്കുന്ന ഒരു ദൈവത്തിലാണു വിജയൻെറ വിശ്വാസം. മുമ്പ് ഒരു കമ്യൂണിസ്റ്റ് അനുഭാവിയായിരുന്ന വിജയൻെറ ആദ്യ പുസ്തകം ത്രുസ്സൂരിലെ അന്തിക്കാടുള്ള ചെത്തു തൊഴിലാളികൾക്കായിരുന്നു സമർപ്പിച്ചിരുന്നത്. പിന്നീട് ഗുരുസാഗരം എന്ന പുസ്തകം പോത്തെങ്കോട് കരുണാകര ഗുരുവിനു സമർപ്പിക്കുകയുണ്ടായി. ഈ പുസ്തകത്തിലും പിന്നീട് എഴുതിയ ഗുരുസാഗരത്തിലും ഒരു കമ്യൂണിസ്റ്റ് ചിന്താഗതി വച്ച് പുലർത്തിയിരുന്ന വിജയൻ ഈശ്വര മാർഗത്തിലേക്ക് തൻെറ ചിന്തകൾ തിരിച്ച് വിടുന്നത് കാണം. ഒരു തൂലിക മിത്രത്തിൻെറ വീട്ടിലെ പ്രേതബാധയപ്പറ്റി അവർ പറഞ്ഞപ്പോൾ പ്രേതത്തെ സ്നേഹിച്ച്കൊണ്ട് കീഴടക്കുക എന്ന് ഉപദേശിച്ചതായി കാണുന്നു. ഈശ്വര വിശ്വാസത്തിൻേറയും തത്വ ചിന്തകളുടേയും തണൽ തേടുന്ന ഒരു മനസ്സ് പിൽക്കാലത്ത് അദ്ദേഹം വികസിപ്പിക്കുന്നുണ്ട്.

ഇന്ദിര ഗാന്ധി കൊല്ലപ്പെട്ടപ്പോൾ പൊട്ടിപുറപ്പെട്ട ഹിന്ദു-സിഖ് കലാപത്തിൻെറ പശ്ചത്തലത്തിൽ എഴുതിയ പ്രവചകൻെറ വഴിയിൽ മത പ്രവാചകന്മരുണ്ടകുന്നതിനേക്കാൾ അപകടമാണു സാമുദായിക കലഹങ്ങളും രക്തചൊരിച്ചലുകളും അതെപോലെ തന്നെ മതത്തിൻെറ പേരിലുള്ള ഹിംസയും എന്ന് വിജയൻ പ്രബോധിപ്പിക്കുന്നു. മലപ്പുറത്തെ കോട്ടക്കൽ രാജാസ് വിദ്യാലയത്തിൽ സ്ഥാപിച്ചിരുന്ന വിജയൻെറ പ്രതിമ ത്രീവ്ര വാദികൾ വിക്രുതമാക്കുകയുണ്ടായി. പ്രതിമകൾ അവരുടെ വിശ്വാസത്തിനെതിരാണെനുള്ളതായിരുന്നു അവരുടെ വാദം.ഇവിടേയും വിജയൻെറ പ്രവചനങ്ങൾ ഫലിക്കുന്നത് വായനക്കാർ അതിശയത്തോടെ മനസ്സിലാക്കുന്നു.

കിഴക്കൻ കാറ്റ് വീശാതാകുമ്പോൾ, പനമ്പട്ടകൾ അനങ്ങാതകുമ്പോൾ ഭാഷ ബധിരയാകുന്നു; എനിക്കെൻെറ ഭാഷയെ തിരികെ തരൂ എന്ന് പറഞ്ഞ വിജയനു ജീവിതത്തിൻെറ അവസാന നാളുകളിൽ പാർക്കിൻസൺ അസുഖം വന്ന് സംസാരിക്കൻ കഴിയതെ വന്നത് വളരെ ഖേദകരമായി. ഭാഷയെ സ്നേഹിച്ച് ആ എഴുത്തുകാരനു ഭാഷ തൻെറ ചുറ്റിലും നഷ്ടപ്പെടുന്ന അനുഭവവും വേദനാജനകമായിട്ടുണ്ടാകും.

കൽപ്പിത കഥകളുടെ ലോകത്ത് മാത്രം വിജയൻെറ പ്രതിഭ ഒതുങ്ങി നിന്നില്ല. അദ്ദേഹം നല്ല ഒരു

പത്രപ്രവർത്തകനും കാർട്ടൂണിസ്റ്റുമായിരുന്നു.. മലയാളത്തിലെ എക്കാലത്തേയും നല്ല കൽപ്പിത കഥാകാരനായിരുന്നു വിജയൻ.



